**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **07-02-2023 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പശ്ചാത്തലസൗകര്യ വികസനവും അക്കാദമിക നിലവാരവും ഉയർത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിച്ച പശ്ചാത്തലത്തിൽ അനിവാര്യമായ പാഠ്യപദ്ധതി നവീകരണത്തിന് നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായ വിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോക ശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോക നിലവാരത്തിലുള്ള ഒരു പാഠ്യപദ്ധതിയ്ക്കു വേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരളത്തിൽ സമഗ്രമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. അതിനുശേഷം നിരവധി വർഷക്കാലം അറിവിന്റെ നാനാമേഖലയിലുണ്ടായ വികാസം പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. |
| (ബി) | പാഠ്യപദ്ധതി നവീകരണത്തിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാലോചിതമായ പരിഷ്കരണത്തോടൊപ്പം അദ്ധ്യാപക വിദ്യാഭ്യാസത്തിനും കുട്ടികളുടെ സ്കൂൾ പൂർവ പരിചരണത്തിനും വേണ്ട നവീകരണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ അദ്ധ്യാപക വിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് മുമ്പുള്ള കുട്ടികളുടെ പരിചരണവും ശാസ്ത്രീയമായി നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പുതിയ ദേശീയ വിദ്യാഭ്യാസ നയം ജനാധിപത്യവൽക്കരണം ദുർവഹമാക്കുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനം ചരിത്രത്തിൽ ആദ്യമായി വിദ്യാഭ്യാസ വിചക്ഷണരോടൊപ്പം ഗുണഭോക്താക്കളായ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും രക്ഷിതാക്കൾ ഉൾപ്പെടുന്ന പൊതുസമൂഹത്തെയാകെയും പങ്കാളികളാക്കിക്കൊണ്ട് ജനാധിപത്യ രീതിയിൽ | (സി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിയത്. ഇതിനായി വിവിധതലങ്ങളിൽ സംഘാടക സമിതികൾ രൂപീകരിക്കുകയുണ്ടായി. ഈ സംഘാടക സമിതികളുടെ നേതൃത്വത്തിലാണ് ജനകീയ ചർച്ചകൾ നടത്തിയത്. വലിയ തോതിലുള്ള പൊതുജന പങ്കാളിത്തമാണ് ഈ ജനകീയ ചർച്ചകളിൽ ഉണ്ടായത്. കൂടാതെ, പാഠ്യപദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായ |

| | | | |
|---|---|---|---|
| | പാഠ്യപദ്ധതി പരിഷ്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | | കുട്ടികളെ പങ്കെടുപ്പിച്ചുള്ള പ്രത്യേക ചർച്ച എല്ലാ ക്ലാസ്സ് മുറികളിലും നടത്തി. ടെക്പ്ലാറ്റ്ഫോമിലൂടെയും എല്ലാ മേഖലയിലും ഉൾപ്പെട്ടവരുടെ അഭിപ്രായങ്ങൾ കൂടി ആരാഞ്ഞുകൊണ്ടാണ് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നത്. |
| (ഡി) | പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാക്കുന്നതിനും അതിൻപ്രകാരം പുതിയ പാഠപുസ്തകങ്ങൽ തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | പാഠ്യപദ്ധതി പരിഷ്കരണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ